പൊതുമരാമത്ത് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

265 [2321] ശ്രീ. ടി. പി. രാമകൃഷ്ണൻ:

,, കെ. രാധാകൃഷ്ണൻ:

,, കെ. കെ. ജയചന്ദ്രൻ:

,, ടി. കെ. ദേവകുമാർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടോ;

(ബി) ഇതിനുവേണ്ടി എത്രകോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) കമ്പ്യൂട്ടർവൽക്കരിക്കാത്ത ഏതെല്ലാം ഓഫീസുകളാണ് സംസ്ഥാനത്തുള്ളത്; അവ എന്നത്തേക്ക് കമ്പ്യൂട്ടർവൽക്കരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് കമ്പ്യൂട്ടർ വാങ്ങിയത്; അവയുടെ ഗുണമേന്മ പരിശോധന നടത്തിയശേഷമാണോ വാങ്ങിയത് എന്ന് വെളിപ്പെടുത്താമോ;

(ഇ) ഏതെങ്കിലും സ്വകാര്യ സ്ഥാപനത്തിൽ നിന്ന് കമ്പ്യൂട്ടർ വാങ്ങാൻ ഓർഡർ നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടില്ല.

(ബി) 30,31,946 രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) റോഡു വിഭാഗത്തിൽ ഡിവിഷൻ ഓഫീസുകളുടെ താഴെയുള്ള സബ്ഡിവിഷനുകളും, സെക്ഷനുകളും കെട്ടിടവിഭാഗത്തിലെ സർക്കിൾ ഓഫീസുകൾക്ക് താഴെയുള്ള ഡിവിഷനുകളും സബ് ഡിവിഷനുകളും സെക്ഷനുകളും, നാഷണൽ ഹൈവേ വിഭാഗത്തിലെ സർക്കിൾ ഓഫീസുകൾക്ക് താഴെയുള്ള ഡിവിഷനുകളും സബ് ഡിവിഷനുകളും കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ടിട്ടില്ല. ഡിവിഷൻ തലത്തിൽ ഈ വർഷാവസാനത്തോടെ കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ഡി) കെൽട്രോണിൽ നിന്നാണ് വാങ്ങിയത്.

(ഇ) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly